# കേരള പബ്ലിക് സർവീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, കണ്ണൂർ.

**സാധ്യതാ പട്ടിക നമ്പർ: പി.എൽ. 5/2009/ഡി.ഒ.സി** **കണ്ണൂർ,**
**കാറ്റഗറി നമ്പർ : 230/2007** **06.03.2009.**

## വിജ്ഞാപനം

**10-07-2007** തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം കണ്ണൂർ ജില്ലയിൽ വിവിധ വകുപ്പുകളിൽ **4990 – 7990** രൂപ ശമ്പള നിരക്കിൽ **ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം) (കാറ്റഗറി നമ്പർ: 230/2007)** തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി **20.09.2008** തീയതിയിൽ നടത്തിയ എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക്ലിസ്റ്റിൽ ഉൾപ്പെടാൻ സോപാധികമായി അർഹരാണെന്നു കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ അടങ്ങിയ സാധ്യതാപട്ടിക ചുവടെ ചേർത്തിരിക്കുന്നു.

രജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പരുകൾക്കു മുൻപിൽ ‘C’ കൂടി ചേർത്ത് വായിക്കേണ്ടതാണ്.

## മുഖ്യപട്ടിക

**501 502 506 509 510**

## ഉപപട്ടിക

ഇല്ല

കുറിപ്പ്:

1) അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാധ്യതാപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ പേര് ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

2) അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാപട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

3) പരീക്ഷക്ക് ഹാജരായ എല്ലാ ഉദ്യോഗാർത്ഥികളുടെയും രജിസ്റ്റർ നമ്പറുകൾ ഈ സാധ്യതാ പട്ടികയുടെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4) സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ – അതായത് വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ജാതി, വിമുക്തഭടന്മാർക്കുള്ള ആനുകൂല്യങ്ങൾ മുതലായവ തെളിയിക്കുന്നതിനും മറ്റു ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ ആയത് തെളിയിക്കുന്നതിനും ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും ശരിപ്പകർപ്പും വെരിഫിക്കേഷൻ സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്. അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല.

5) സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ തങ്ങളുടെ ജാതി തെളിയിക്കുന്നതിന് തഹശീൽദാരിൽ നിന്നും ലഭിച്ച ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. (രണ്ട് പകർപ്പുകളും).

6) വിമുക്തഭടന്മാരായ ഉദ്യോഗാർത്ഥികൾ അവർക്കായുള്ള പ്രത്യേക ആനുകൂല്യങ്ങൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനജല്പ അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കേണ്ടതാണ്. സ്പോർട്ട്സ് ആനുകൂല്യം അവകാശപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കേണ്ടതാണ്.

7) **സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്കായുള്ള അസ്സൽ പ്രമാണങ്ങളുടെ പരിശോധന 24.03.2009 ന് രാവിലെ 9 മണിക്ക് കണ്ണൂർ ജില്ലാ പി.എസ്.സി. ഓഫീസിൽ വച്ച് നടത്തുന്നതാണ്.** ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അസ്സൽ പ്രമാണങ്ങളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

8) നിലവിലുള്ള നടപടിക്രമമനുസരിച്ച് ഉത്തരക്കടലാസ് പുന:പരിശോധന റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ അനുവദിക്കുകയുള്ളൂ.

(ഉത്തരവിൻ പ്രകാരം)

കെ.ജി.സുശീലാമ്മ
ജില്ലാ ആഫീസർ
കെ.പി.എസ്.സി.ജില്ലാ ഓഫീസ്,കണ്ണൂർ

nkp/c5.